രാമവമ്മതമ്പുരാൻ.—(a) കൊടുത്തു.

(b) ഇല്ല.

(c) ഉണ്ടു്. ഹരജി അന്വേഷണത്തിലിരിക്കുന്നു.

Contractor—Payment for digging a well—Mulanthuruthi.

121. മിസ്റ്റർ കെ. പി വള്ളോൻ.—(എ) മുളന്തുരുത്തു് അടുത്തുള്ള അധഃകൃത കോളനിയിൽ കിണർകുത്തിയ അധഃകൃതനു് കൊടുക്കുവാനുണ്ടായിരുന്ന സംഖ്യ കൊടുത്തുവോ;

(ഒ) ഇല്ലെങ്കിൽ എന്തുകൊണ്ടു് കൊടുത്തില്ല;

(ന) ടി കോളനിയിലുള്ള കരാറു് ഇപ്പോൾ നടത്തുന്നതു് ആരാണു്; ടിയാന്റെ മേൽവിലാസമെന്തു?

രാമവമ്മതമ്പുരാൻ.—(എ) കൊടുത്തു.

(ഒ) ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

(ന) ഇപ്പോൾ ആ കോളനിയിൽ ഒരു പണിയും നടക്കുന്നില്ല. കരാറു കൊടുത്തിട്ടില്ല.

Aranattukara —Depressed Colony.

122. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) അരണാട്ടുകര കോളനിയിൽ പുതിയ പണിചെയ്ത സി. എം. വേലായുധൻ സംഖ്യ ചോദിച്ചുപ്പോൾ കള്ളൻ എന്നും മറ്റും വിളിക്കുകയുണ്ടായോ;

(ഒ) ടിയാൻ അയച്ച ഹരജിയുടെ കൂടെ എഴുതിയിരുന്ന ശ്ലോകത്തിന്റെ ഒരു കോപ്പി ഈ മേശപ്പുറത്തു് വെക്കുമോ?

രാമവമ്മതമ്പുരാൻ.—(എ) ഇല്ല.

(ഒ) ടിയാന്റെ ഹരജിയുടെ കൂടെ ശ്ലോകമൊന്നും ഉണ്ടായിരുന്നില്ല.

Labour Inspector—relationship—Protector.

123. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സംരക്ഷകനും ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള ലേബർ ഇൻസ്പെക്ടരും ബന്ധുക്കളാണെന്നുള്ള വിവരം ഗവർമ്മേണ്ടു് അറിഞ്ഞിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ബന്ധുക്കളല്ല.

Head clerk—Protector's Office.

124. മിസ്റ്റർ കെ. പി. വള്ളോൻ.—(a) മിസ്റ്റർ കെ. ആർ. ശങ്കരനെ സംരക്ഷണ ആഫീസിലെ ഹെഡ് ക്ലാർക്കായിട്ടു് നിയമിച്ചതാരാണു്.

(b) ടിയാനെ പൊലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും തരം താഴ്ത്തുവാനുള്ള കാരണമെന്തു്;

LIBRARY ARCHIVES Kerala Legislative Assembly